പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T.1693 | 2.7.2015 ൽ മറുപടിയ്ക്ക്

## വൈകല്യങ്ങളുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനവും പുനരധിവാസവും

ചോദ്യം | മറുപടി

ശ്രീ.കെ.ശിവദാസൻ നായർ | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ മന്ത്രി)

| | |
|---|---|
| (എ) ഓട്ടിസം/ബുദ്ധിമാന്ദ്യം/മറ്റു വൈകല്യങ്ങൾ എന്നിവ ഉള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനവും പുനരധിവാസവും നൽകുന്ന തിനായി നിലവിൽ എന്തൊക്കെ സൌകര്യങ്ങൾ ഉണ്ടെന്ന് വിശദമാക്കുമോ; | (എ) ഓട്ടിസം ബാധിച്ച കുട്ടികൾക്ക് വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ പരിശീലനം നൽകുന്നതിനായി Society for Promoting Alternative Computing and Employment (SPACE) എന്ന സ്ഥാപനം മുഖേന INSIGHT എന്ന പേരിൽ പരിശീലന പരിപാടി നടത്തി വരുന്നു. ബുദ്ധിമാന്ദ്യമുള്ള 4 നും 16 നും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് സംരക്ഷണം നൽകുന്നതിനായി കോഴിക്കോട് ജില്ലയിൽ HMDC (Home for Mentally Deficient Children) എന്ന സ്ഥാപനം പ്രവർത്തിച്ചുവരുന്നു. ടി സ്ഥാപനത്തിലെ കുട്ടികൾക്ക് വിദ്യാഭ്യാസം, കരകൌശലം എന്നിവ സംയോജിതമായുള്ള പരിശീലനം നൽകി വരുന്നു. ഭിന്നശേഷിയുള്ള കുട്ടികളുടെ വ്യത്യസ്തമായ കഴിവുകൾ കണ്ടെത്തി വിവിധ സാങ്കേതിക വിദ്യാ പരിശീലനങ്ങളിലൂടെ സ്വയംപര്യാപ്തമാക്കിയെടുക്കുന്നതിനായി തിരുവനന്തപുരത്ത് ശ്രദ്ധ ചാരിറ്റബിൾ സൊസൈറ്റി എന്ന സന്നദ്ധ സംഘടന മുഖേന പരിശീലനം നൽകി വരുന്നു. 4 നും 16 നും ഇടയിൽ പ്രായമുള്ള കുട്ടികളുടെ സംരക്ഷണത്തിനായി ആലപ്പുഴ, കണ്ണൂർ ജില്ലകളിലായി ബാല വികലാംഗ സദനങ്ങൾ പ്രവർത്തിക്കുന്നു. കാഴ്ച വൈകല്യമുള്ള കുട്ടികൾക്ക് പരിശീലനം നൽകുന്നതിനായി കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് എന്ന സ്ഥാപനവുമായി ചേർന്ന് INSIGHT എന്ന പ്രോജക്ട് നടപ്പിലാക്കുന്നുണ്ട്. തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനം നൽകി വരുന്നുണ്ട്. |

| | |
|---|---|
| | സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിന്റെ ഭാഗമായി ഇത്തരം കുട്ടികൾക്ക് പ്രത്യേക പരിശീലനവും പുനരധിവാസവും നൽകുന്നതിലേയ്ക്കായി നടപ്പ സാമ്പത്തിക വർഷം 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി പദ്ധതി ആസൂത്രണ ഘട്ടത്തിലാണ്. കൂടാതെ ഓട്ടിസം/ബുദ്ധിമാന്ദ്യം/ സെറിബ്രൽ പാൾസി എന്നീ വൈകല്യങ്ങൾ ബാധിച്ചവരെയും ഗുരുതരമായ വൈകല്യങ്ങളാൽ കിടപ്പു രോഗികളായവരെയും പരിചരിക്കുന്നവർക്ക് ആശ്വാസകിരണം പദ്ധതി വഴി പ്രതിമാസം 525/- രൂപ അനുവദിച്ചു നൽകുന്നുണ്ട്. |
| (ബി) പ്രസ്തുത കുട്ടികൾക്ക് റസിഡൻഷ്യൽ സ്കൂളുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ ? | (ബി) വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ